"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്- മൈനിംഗ് & ജിയോളജി - കെ.എം.സി.സി ചട്ടം 104- കൊല്ലം എരുമേലി മുറി, പെട്ടിയാനിക്കൽ വീട്ടിൽ ശ്രീ.ഫൈസൽ-ന് ചെറുകിട വ്യാവസായികാവശ്യത്തിനുള്ള കെട്ടിട നിർമ്മാണം നടത്തുന്നതിനായി മണൽ നീക്കം ചെയ്യുന്നതിനായി പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ വകുപ്പ്**

സ.ഉ.(സാധാ) നം.639/2026/ID തീയതി,തിരുവനന്തപുരം, 10-06-2026

---

പരാമർശം:-

1. 01.08.2025-ൽ ശ്രീ.ഫൈസൽ സമർപ്പിച്ച അപ്പീൽ അപേക്ഷ
2. 05.02.2026-ലെ കൊല്ലം റവന്യൂ ഡിവിഷണൽ ഓഫീസറുടെ RDOKLM/3264/2025-A നമ്പർ നിരാക്ഷേപപത്രം
3. 15.03.2026-ലെ മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ ഡി.എം.ജി/855/2026-എം6 നമ്പർ കത്ത്

**ഉത്തരവ്**

വ്യാവസായികാവശ്യത്തിനുള്ള കെട്ടിടനിർമ്മാണം നടത്തുന്നതിന് കൊല്ലം താലൂക്കിൽ വടക്കേവിള വില്ലേജിൽ ബ്ലോക്ക് നമ്പർ 24 ൽ റീ. സർവ്വേ നമ്പർ 225/14-ൽപ്പെട്ട സ്ഥലത്തുനിന്നും മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് കൊല്ലം എരുമേലി മുറി, പെട്ടിയാനിക്കൽ വീട്ടിൽ ശ്രീ.ഫൈസൽ പരാമർശം(1) പ്രകാരം സമർപ്പിച്ച അപേക്ഷ പരിഗണിച്ച് കൊല്ലം ജില്ലാ ജിയോളജിസ്റ്റ്, അപേക്ഷാ ഭൂമിയിൽ, കെട്ടിട നിർമ്മാണത്തിനായി കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി അനുവദിച്ച ബിൽഡിംങ്ങ് പെർമിറ്റിന്റെയും പ്ലാനിന്റേയും അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തുകയും അപേക്ഷാ സ്ഥലത്തെ ധാതു മണൽ വിഭാഗത്തിൽപ്പെടുന്നതാണെന്നും ഭൂവികസന പ്ലാൻ പ്രകാരമുള്ള 504.83എം$^3$ (1010 മെ.ടൺ) മണൽ നീക്കം ചെയ്യേണ്ടതുണ്ടെന്നും ഡെവലപ്പ്മെന്റ് പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവ് ധാതു നീക്കം ചെയ്യുന്നതിന് അനുമതി നൽകാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ അംഗീകരിച്ചു നൽകിയ 305.96m$^2$ ഡെവലപ്മെന്റ് ഏരിയയിൽ നിന്നും ജില്ലാ ഓഫീസിന്റെ പരിശോധനയിൽ കണ്ടെത്തിയ 504.83m$^3$ (1010മെ.ടൺ) മണ്ണ് നീക്കം ചെയ്യുന്നതിന് നിബന്ധനകൾക്ക് വിധേയമായി കെ.എം.എം.സി ചട്ടം 104 പ്രകാരം അനുമതി നൽകുന്നതിനുള്ള ശിപാർശ പരാമർശം (3) പ്രകാരം മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റവന്യൂ ഡിവിഷണൽ ഓഫീസറുടെ പരാർശം(2) നിരാക്ഷേപ പത്രം, മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ പരാമർശം(3) ശിപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ കൊല്ലം താലൂക്കിൽ വടക്കേവിള വില്ലേജിൽ ബ്ലോക്ക് നമ്പർ 24 ൽ റീ. സർവ്വേ നമ്പർ 225/14 ൽപ്പെട്ട സ്ഥലത്ത് വ്യാവസായികാവശ്യത്തിനുള്ള കെട്ടിടനിർമ്മാണം നടത്തുന്നതിന് കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ അംഗീകരിച്ചു നൽകിയ 305.96m2 ഡെവലപ്മെന്റ് ഏരിയയിൽ നിന്നും ജില്ലാ ഓഫീസിന്റെ പരിശോധനയിൽ കണ്ടെത്തിയ 504.83m3 (1010മെ.ടൺ) മണ്ണ് നീക്കം ചെയ്യുന്നതിന് കൊല്ലം എരുമേലി മുറി, പെട്ടിയാനിക്കൽ വീട്ടിൽ ശ്രീ.ഫൈസലിന് കെ.എം.എം.സി ചട്ടം 104 പ്രകാരം ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നിബന്ധനകൾ**

1.നീക്കം ചെയ്യുന്ന ധാതുവിൻ്റെ അളവിന് തത്തുല്യമായ റോയൽറ്റി കൊല്ലം ജിയോളജിസ്റ്റ് മുൻപാകെ മുൻകൂർ ആയി ഒടുക്കുവരുത്തേണ്ടതാണ്.

2.പരിസ്ഥിതിക്ക് കോട്ടം വരാതെയും റോഡ് ഗതാഗതം തടസപ്പെടാതെയും മാത്രമേ മണൽ നീക്കം ചെയ്യാൻ

പാട്ടുള്ളു.
3.പരിസരവാസികളുടെ ജീവനും സ്വത്തിനും ഭീഷണിയില്ലാത്ത വിധത്തിൽ ധാതു നീക്കം നടത്തേണ്ടതാണ്.
4. RDO,കൊല്ലം അനുവദിച്ച നിരാക്ഷേപ സാക്ഷ്യപത്രത്തിലെ നിബന്ധനകൾക്ക് വിധേയമായി ഖനനം നടത്തേണ്ടതാണ്.
5.ധാതു നീക്കം ചെയ്ത് രണ്ട് വർഷത്തിനകം കെട്ടിടത്തിൻറെ അടിത്തറ നിർമാണം നടത്തേണ്ടതാണ്. അല്ലാത്ത പക്ഷം അനുമതി ലഭിക്കാനായി ഒടുക്കിയ റോയൽറ്റിയുടെ അഞ്ചിരട്ടി തുക സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.
6.ചട്ടം 104 പ്രകാരം നൽകിയ അനുമതി ദുരുപയോഗം ചെയ്തിട്ടുള്ളതായി തെളിയുകയാണെങ്കിൽ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.
7. പഞ്ചായത്ത് അംഗീകരിച്ച നൽകിയ ഡെവലപ്മെൻ്റ് പ്ലാനിന് അനുസൃതമായി മാത്രമേ മണൽ ഖനനം ചെയ്യുവാൻ പാട്ടുള്ളു.
8.അനുമതി നൽകിയ സ്ഥലത്ത് കൃത്യമായ ഇടവേളയ്ക്ക് ശേഷം ജില്ലാ മിനറൽ സ്ക്വാഡ് പരിശോധന നടത്തി തത്സ്ഥിതി റിപ്പോർട്ട് ഡയറക്ടർ മുഖേന സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം
ശ്രീ.ഫൈസൽ, പെട്ടിയാനിക്കൽ വീട്,എരുമേലി മുറി എരുമേലി 686 509
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഈ) തിരുവനന്തപുരം
ജില്ലാ ജിയോളജിസ്റ്റ്, കോട്ടയം
വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(എ4/174/2026-വ്യവ)

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 11-06-2026 10:54:32